തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Shaji Clement)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ജീവനക്കാര്യം - ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .< LSGD/3476/2023-DEE6 >തീയതി:10-07-2026

പരാമർശം:
1) പ്രിൻസിപ്പൽ ഡയറക്ടറുടെ 09.03.2026 തീയതിയിലെ LSGD/3476/2023-DEE6 നമ്പർ ഉത്തരവ്
2) GO(P) 27/2021/FIN dated 10.02.2021 ഉത്തരവ്
3) 16.03.2024 ലെ സ.ഉ.(കൈ) 46/2024/LSGD നമ്പർ ഉത്തരവ്.
4) 22/12/2022 തീയതിയിലെ സ.ഉ.(കൈ)നം.277/2022/LSGD നമ്പർ ഉത്തരവ്.

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പിൽ (മുൻ പഞ്ചായത്ത്) ടൈപ്പിസ്റ്റ് തസ്തികയിൽ വിരമിക്കൽ മൂലം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ വന്ന 2 ഒഴിവുകളിലേക്ക് സൂചന (1) ലെ ഉത്തരവിനു ശേഷം അർഹരായ ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 39,300-83,000 ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

പട്ടിക 1

ക്രമ നമ്പർ	പേര്, പെൻ	നിലവിലെ സ്റ്റേഷൻ	പ്രാബല്യ തീയതി
1	വിനീത പി കെ (681751)	ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, വയനാട്	01.06.2026
2	രോഹിണി എച്ച് (584961)	ജില്ലാ പഞ്ചായത്ത് കാസറഗോഡ്	01.06.2026

സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 2 ഒഴിവുകളിലലേയ്ക്ക് സൂചന (1) ലെ ഉത്തരവിനു ശേഷം അർഹരായ ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 37,400-79,000/- ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

പട്ടിക 2

ക്രമ നമ്പർ	പേര്, പെൻ	നിലവിലെ സ്റ്റേഷൻ	പ്രാബല്യ തീയതി
1	ബിന്ദു ഇ വി (343430)	കാഞ്ഞങ്ങാട് നഗരസഭ	01.06.2026
2	ഉഷ എസ് (722124)	ഹരിപ്പാട് നഗരസഭ	01.06.2026

മേൽ ഖണ്ഡിക പ്രകാരം സീനീയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് പ്രമോഷൻ വഴി വന്ന 2 ഒഴിവുകളിലേക്ക് സൂചന (1) ലെ ഉത്തരവിനു ശേഷം അർഹരായ ജീവനക്കാർക്ക് ടി ജീവനക്കാരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ 35,600-75,400/- ശമ്പള സ്കെയിലിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചും പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

പട്ടിക 3

ക്രമ നമ്പർ	പേര്, പെൻ, നിലവിലെ സ്റ്റേഷൻ	റേഷ്യോ പ്രൊമോഷൻ നൽകി നിയമിക്കുന്ന കാര്യാലയം	പ്രാബല്യ തീയതി
1	ജിതേഷ് പി കെ (872894), വളാഞ്ചേരി നഗരസഭ	താനൂർ നഗരസഭ	01.06.2026
	മിനി ടി (880215), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്	പ്രിൻസിപ്പൽ ഡയറക്ടറേറ്റ്	01.06.2026

റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാർക്ക് KSR ഭാഗം -1 ലെ ചട്ടം 23 പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. പരാമർശം (4) ഉത്തരവ് പ്രകാരം ഒഴിവാക്കപ്പെട്ട ടൈപ്പിസ്റ്റ് തസ്തികകൾ പുന:ക്രമീകരിക്കുന്നതിന്റെ ഭാഗമായും, തദ്ദേശസ്വയംഭരണ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ ജില്ലാതലത്തിൽ സ്ഥിരപ്പെടുത്തുമ്പോഴും ടി നിയമനം പുനഃപരിശോധിക്കുന്നതായിരിക്കും. പട്ടിക 3-ൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 1 (എൻ) പ്രകാരം ജൂനിയർ ആയി കണക്കാക്കുന്നതുമാണ്. മേൽ റേഷ്യോ പ്രൊമോഷനുകൾ നൽകിയതിനെ തുടർന്ന് എൻടി കേഡർ തസ്തികയിൽ ഉണ്ടായിട്ടുള്ള രണ്ട് ഒഴിവുകൾ യഥാക്രമം മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ച് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കാർ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്.

Shaji Clement
ADDITIONAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. സൂപ്രണ്ട്, IE, GEA സെക്ഷൻ
3. സൂപ്രണ്ട്, IT സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധികരണത്തിന്)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Shaji Clement
Date: 10-07-2026
16:22:51